പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :473

29.06.2016-ൽ മറുപടിയ്ക്ക്

## ഏനാമാക്കൽ നെഹ്റു പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വെന്തിടങ്ങ് പഞ്ചായത്തിലെ ഏനാമാക്കൽ നെഹ്റു പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. ഏനമാവ് നെഹ്റു പാർക്കിന്റെ നിർമ്മാണ പ്രവർത്തനത്തിന് 24 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതുവരെ 17 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ഡിടിപിസി തൃശ്ശൂരിന്, വകുപ്പ് നൽകിയിട്ടുണ്ട്. നിർമ്മാണ പുരോഗതി അനുസരിച്ചാണ് തുക നൽകുന്നത്. ഇപ്പോൾ പദ്ധതി അന്തിമ ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത പാർക്കിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണെന്ന് അറിയിക്കാമോ; | (ബി) 2008 ഫെബ്രുവരി മാസത്തിലാണ് ആരംഭിച്ചത്. |
| (സി) ഇതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) 17 ലക്ഷം രൂപ ഇതുവരെ ടൂറിസം വകുപ്പ് തൃശ്ശൂർ ഡിടിപിസിയ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) ഇതിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് എന്ന് വ്യക്തമാക്കുമോ; | (ഡി) തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (ഇ) പാർക്കിന്റെ നിർമ്മാണ പൂർത്തീകരണത്തിനു സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) പാർക്കിന്റെ നിർമ്മാണ പൂർത്തീകരണത്തിന് സത്വര നടപടി സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ